# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


E mail: kauagmet@yahoo.co.in


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എഎസ് 06/16, വെള്ളിയാഴ്ച്ച തീയ്യതി 05.02.2016

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 06.02.2016 | 07.02.2016 | 08.02.2016 | 09.02.2016 | 10.02.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 2 | 2 | 2 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 21 | 21 | 21 | 21 | 21 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 5 | 5 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 30 | 30 | 30 | 30 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 70 | 70 |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | - | പുഞ്ചകൃഷി ഞാറു പരുവത്തിലാണ് |
| തെങ്ങ് | കാറ്റുവീഴ്ച്ച | തെങ്ങൊന്നിന് 50 കി.ഗ്രാം കാലിവളമോ, പച്ചിലവളമോ നൽകുക. കൂടാതെ ഒരു കി.ഗ്രാം കുമ്മായവും ചേർക്കണം. പച്ചിലവളച്ചെടികളായ ചണമ്പ്, ഡെയിഞ്ച, പയര എന്നിവ തെങ്ങിന്റെ തടത്തിൽ വളർത്തി, പൂക്കുന്നതോടെ തടത്തിൽ ഉഴുതുചേർക്കുന്നത് കാറ്റുവീഴ്ച്ചയുടെ തീവ്രത കുറയ്ക്കുന്നതിനും, വിളവ് കൂട്ടുന്നതിനും ഉപകരിക്കും. രൂക്ഷമായ രോഗത്തിനു വിധേയമായ തെങ്ങുകളും ഉൽപ്പാദന ക്ഷമത വർഷത്തിൽ 10 തേങ്ങയിൽ താഴെ എത്തിയിരിക്കുന്ന തെങ്ങുകളും വെട്ടിമാറ്റി പകരം രോഗത്തെ അതിജീവിക്കാൻ കഴിവുള്ള സങ്കരയിനം തൈകൾ വച്ചുപിടിപ്പിക്കുക. |
| വാഴ | സിഗാർ എൻഡ് രോഗം | ഉയർന്ന താപനില മൂലവും അന്തരീക്ഷ ആർദ്രത കുറഞ്ഞു വരുന്നതു മൂലവും വാഴക്കുലയിൽ സിഗാർ എൻഡ് രോഗം കണ്ടുവരുന്നു. രോഗം ബാധിച്ച കായ്കളുടെ അറ്റം കറുത്ത് ചുക്കിചുളിയുകയും ആ ഭാഗത്ത് വെളുത്ത പൂപ്പലുകൾ കാണുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇവയെ നിയന്ത്രിക്കാനായി 3 ഗ്രാം ഡൈത്തേൻ എം൦45, ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ | നീരൂറ്റികുടിക്കുന്ന കീടങ്ങൾ | അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നതിനാൽ വെള്ളീച്ച, തുള്ളൻ, മുഞ്ഞ മുതലായ നീരൂറ്റികുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വെർട്ടിസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. 5 മില്ലി സൂര്യകാന്തിയെണ്ണ അല്ലെങ്കിൽ ആവണക്കെണ്ണ 10 ഗ്രാം ശർക്കരയും ഈ ലായിനിയോടൊപ്പം ചേർക്കുന്നത് ഫലപ്രദമായിരിക്കും അല്ലെങ്കിൽ പുകയില കഷായം തളിക്കുന്നതും നല്ലതാണ്. |